മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യു കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/1223/2024-A1 തീയതി : 24-08-2024

## സർക്കുലർ

വിഷയം : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - അധിക ജീവനക്കാരുടെ നിയമനം - സംവരണം പാലിക്കുന്നത് – സംബന്ധിച്ച്.

പരാമർശം :
1. 23.07.2019 തീയതിയിലെ സ.ഉ.(സാധാ) നം.1552/2019/ത.സ്വ.ഭ.വ
2. 11.12.2019 തീയതിയിലെ സർക്കുലർ നം.314/സ1/17 ആർ.ഇ.ജി.എസ്
3. 29.06.2024 തീയതിയിലെ സ.ഉ.(സാധാ) നം.80/2024/ത.സ്വ.ഭ.വ, തീയതി:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വിപുലപ്പെടുകയും നിരവധി ഉപപദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പരാമർശം (1) പ്രകാരം നിജപ്പെടുത്തിയ ജീവനക്കാർക്ക് പുറമെ പദ്ധതിച്ചെലവിന് ആനുപാതികമായി അധിക ജീവനക്കാരെ നിയമിക്കുന്നതിന് പരാർമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാരുടെ നിയമനത്തിൽ സംവരണ തത്വം പാലിക്കുന്നതിന് 20.02.2017 ലെ സ.ഉ.(കൈ) നം.41/2017/ത.സ്വ.ഭ.വ. പ്രകാരം സര്ക്കാര് ഉത്തരവാകുകയും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് യഥാക്രമം 8%, 2% തസ്തികകളില് സംവരണം നിജപ്പെടുത്തുകയും ചെയ്തു.

തുടര്ന്ന്, പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാരുടെ സംവരണം സംബന്ധിച്ച നിര്ദ്ദേശങ്ങളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളില് സംവരണം ചെയ്യപ്പെട്ട തസ്തികകളും പരാമർശം (2) പ്രകാരമുള്ള സർക്കുലര് മുഖേനെ അറിയിച്ചിരുന്നു.

പരാർമർശം (3) ലെ സര്ക്കാര് ഉത്തരവ് പ്രകാരം അധിക തസ്തിക വരുന്ന ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ, അധികമായി അനുവദിയ്ക്കുന്ന തസ്തികളിലെ നിയമനത്തില് സംവരണ തത്വം 20.02.2017 ലെ സ.ഉ.(കൈ) നം.41/2017/ത.സ്വ.ഭ.വ. പ്രകാരവും പാലിച്ച് നിയമനം നടത്തുന്നതിനായി ചുവടെ പറയുന്ന തസ്തികകള് സംവരണ തസ്തികകള് ആയി നിശ്ചയിക്കുന്നു

### I. ഗ്രാമപഞ്ചായത്ത് - പട്ടികവർഗ്ഗ സംവരണം

| ക്രമ നം. | ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | സംവരണം നൽകേണ്ട തസ്തിക | സംവരണം നൽകേണ്ട തസ്തികയുടെ എണ്ണം |
|---|---|---|---|---|---|
| 1 | മലപ്പുറം | നിലമ്പൂർ | പോത്തുകൽ | AITA | 1 |
| 2 | കണ്ണൂർ | പയ്യന്നൂർ | ചെറുപുഴ | Overseer | 1 |

### II. ഗ്രാമപഞ്ചായത്ത് - പട്ടികജാതി സംവരണം

| ക്രമ നം. | ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | സംവരണം നൽകേണ്ട തസ്തിക | സംവരണം നൽകേണ്ട തസ്തികയുടെ എണ്ണം |
|---|---|---|---|---|---|
| 1 | വയനാട് | കല്പറ്റ | മേപ്പാടി | AITA | 1 |
| 2 | തൃശ്ശൂർ | വടക്കാഞ്ചേരി | ദേശമംഗലം | Overseer | 1 |
| 3 | കോഴിക്കോട് | ബാലുശ്ശേരി | കോട്ടൂർ | AITA | 1 |
| 4 | ഇടുക്കി | അടിമാലി | അടിമാലി | Overseer | 1 |
| 5 | മലപ്പുറം | നിലമ്പൂർ | വഴിക്കടവ് | AITA | 1 |
| 6 | കോഴിക്കോട് | പേരാമ്പ്ര | ചക്കിട്ടപ്പാറ | Overseer | 1 |
| 7 | തിരുവനന്തപുരം | വെള്ളനാട് | വിതുര | AITA | 1 |
| 8 | മലപ്പുറം | നിലമ്പൂർ | ചുങ്കത്തറ | Overseer | 1 |
| 9 | കോഴിക്കോട് | പേരാമ്പ്ര | നൊച്ചാട് | AITA | 1 |

III. ബ്ലോക്ക് പഞ്ചായത്ത് - പട്ടികവർഗ്ഗ സംവരണം

| ക്രമ നം. | ജില്ല | ബ്ലോക്ക് | സംവരണം നൽകേണ്ട തസ്തിക | സംവരണം നൽകേണ്ട തസ്തികയുടെ എണ്ണം |
|---|---|---|---|---|
| 1 | ഇടുക്കി | ഇടുക്കി | AITA | 1 |

IV. ബ്ലോക്ക് പഞ്ചായത്ത് – പട്ടികജാതി സംവരണം

| ക്രമ നം. | ജില്ല | ബ്ലോക്ക് | സംവരണം നൽകേണ്ട തസ്തിക | സംവരണം നൽകേണ്ട തസ്തികയുടെ എണ്ണം |
|---|---|---|---|---|
| 1 | കോഴിക്കോട് | പേരാമ്പ്ര | AE | 1 |
| 2 | തിരുവനന്തപുരം | പെരുങ്കടവിള | AITA | 1 |
| 3 | വയനാട് | കല്പറ്റ | AITA | 1 |

പരാമർശം (2) സർക്കുലർ പ്രകാരം മുൻപ് സംവരണം നിശ്ചയിച്ചിട്ടുള്ളതും, ഇപ്പോൾ അധിക തസ്തികകൾക്ക് അർഹരായവരുമായ ചില ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സംവരണ തസ്തികയിൽ നിയമനം നടത്തിയിട്ടില്ല എങ്കില് പരാമർശം (3) പ്രകാരം അനുവദിയ്ക്കുന്ന അധിക തസ്തിക സംവരണ തസ്തികയായി മാറ്റി കണക്കാക്കി നിയമനം നടത്തേണ്ടതാണ്. ഇപ്രകാരം സംവരണം പാലിക്കുന്ന

എന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

സര്ക്കാര് നിശ്ചയിച്ചിട്ടുള്ള നിശ്ചിത വ്യവസ്ഥകള് പാലിച്ച് ഓരോ സാമ്പത്തിക വര്ഷവും പുതുതായി അധിക തസ്തികകള് ഉണ്ടാകുമ്പോള് പ്രസ്തുത തസ്തികകളില് നിയമനം നടത്തുന്നതിനു മുന്പ് ടി തസ്തികകള് സംവരണ തസ്തിക ആണോ എന്ന് ഉറപ്പ് വരുത്തണം. ഇതിനായി ഒരു സാമ്പത്തിക വര്ഷം അവസാനിച്ച് കഴിഞ്ഞു പ്രസ്തുത സാമ്പത്തിക വര്ഷത്തെ ചെലവു കണക്കാക്കി പുതിയ തസ്തിക നിര്ണ്ണയിച്ച് എല്ലാ വര്ഷവും മെയ് 15 ന മുന്പായി പുതിയ തസ്തികകളുടെ വിവരം ജെ. പി.സി മാര് സംസ്ഥാന മിഷന് നല്കണം. ഇതിന്റെ അടിസ്ഥാനത്തില് മിഷന് ഡയറക്ടര് സംവരണ തസ്തികകള് നിര്ണ്ണയിച്ച് നല്കുന്നതാണ്.

പരാമർശം (2) സർക്കുലർ പ്രകാരം സംവരണം നിശ്ചയിച്ചിട്ടുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തസ്തികകളിൽ, പരാമർശം (3) സര്ക്കാര് ഉത്തരവ് പ്രകാരം സംവരണം ഉറപ്പുവരുത്തുന്നതിനായി, സംവരണത്തിനായി നിശ്ചയിച്ച് നൽകിയ തസ്തികകൾ, ടി തസ്തികകളിൽ നിലവിലുള്ള ജീവനക്കാരുടെ വിഭാഗം, സംവരണം നാളിതു വരെ പാലിചിട്ടില്ല എങ്കില് ആയതിന്റെ കാരണം എന്നീ വിവരങ്ങൾ ടി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളില് നിന്നും ശേഖരിച്ച് ജെ.പി.സി മാര് സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതാണ്.

പരാമർശം (1), (3) പ്രകാരം തസ്തികകൾ അനുവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (പദ്ധതി ചെലവ് സംബന്ധിച്ച്) ഏതെങ്കിലും ഗ്രാമപഞ്ചായത്ത് ഏതെങ്കിലും സാമ്പത്തിക വർഷം പാലിക്കാത്തപക്ഷം ടി മാനദണ്ഡ പ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾ ടി സാമ്പത്തിക വർഷത്തിൽ നഷ്ടപ്പെടുന്നതാണ്.

വിശ്വസ്തതയോടെ,

Signed by
Nizamudeen A Ias
Date: 24-08-2024 14:32:05
MISSION DIRECTOR

പകര്പ്പ് :-

1. എല്ലാ ഡി.പി.സി.മാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ.യ്ക്ക്
3. പഞ്ചായത്ത് ഡയറക്ടർക്ക് (അറിവിലേക്ക്)
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് (അറിവിലേക്ക്)
5. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് (അറിവിലേക്ക്)
6. എല്ലാ ജെ.പി.സി.മാർക്കും
7. ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും.
8. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും.